## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5013 — 23.03.2018 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ഉപദ്രവത്തിൽ പരിക്കേൽക്കുന്നവർക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങളുടെ ഉപദ്രവത്തിൽ പരിക്കേൽക്കുന്നവർക്ക് വനം വകുപ്പ് നൽകി വരുന്ന നഷ്ടപരിഹാരത്തുക നേടിയെടുക്കുന്നതിന് നിയമക്കുരുക്കുകളാൽ കാലതാമസമുണ്ടാകുന്നുവെന്ന പരാതികൾ ശ്രദ്ധിച്ചിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇപ്രകാരം നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | (ബി) വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അപേക്ഷ അക്ഷയകേന്ദ്രം മുഖേന ഇ-ഡിസ്ട്രിക്ട് വഴി ഓൺലൈനായി ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ചാഫീസർക്ക് സമർപ്പിക്കാവുന്നതാണ്. ടി അപേക്ഷ ലഭിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യമായ പരിശോധന നടത്തി അതാത് ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്ക് സമർപ്പിക്കുകയും, ഡിവിഷണൽ ഫോറസ്റ്റാഫീസർമാർ നഷ്ടപരിഹാരത്തുക നിജപ്പെടുത്തി അനുവദിക്കുകയുമാണ് ചെയ്യുന്നത്. |
| (സി) അപേക്ഷ ലഭിച്ച ശേഷം ആനുകൂല്യം വിതരണം ചെയ്യുന്നതിനായി ഇപ്പോൾ ശരാശരി എത്ര സമയം എടുക്കുന്നുവെന്ന് വെളിപ്പെടുത്തുമോ? | (സി) ആവശ്യമുള്ള രേഖകളോടൊപ്പം ലഭിക്കുന്ന അപേക്ഷയിന്മേൽ വനംവകുപ്പുദ്യോഗസ്ഥൻ നേരിട്ട് അന്വേഷണം നടത്തി നഷ്ടപരിഹാരത്തിന് അർഹതയുണ്ടെന്ന് കാണുന്ന പക്ഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 30 ദിവസത്തിനുള്ളിൽ ആനുകൂല്യം വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ